# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.412 24-01-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എം. വിൻസെന്റ്
ശ്രീ.വി.എസ്. ശിവകുമാർ
ശ്രീ.വി.ടി.ബൽറാം

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സർക്കാരിന്റെ സാമ്പത്തിക സ്ഥിതി**

| | | |
|---|---|---|
| (എ) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ആശങ്കാജനകമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വാസ്തവമെന്തെന്ന് വ്യക്തമാക്കാമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) | മുൻസർക്കാരുകളുടെ ധനധൂർത്ത് രാഷ്ട്രീയം, മോശമായ ധനകാര്യ മാനേജ്മെന്റ് എന്നിവ മൂലം സമ്പൂർണ്ണമായ ധനകാര്യ തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന ധവളപത്രത്തിലെ പ്രസ്താവന വസ്തുതാപരമാണോ ; | ഇക്കാര്യങ്ങളുടെ വിലയിരുത്തലാണ് ധവളപത്രം. |
| (സി) | 2021 ആകുമ്പോഴേയ്ക്ക് നിത്യനിദാന ചെലവുകൾക്ക് പോലും പണമില്ലാതെ ശമ്പളം, പെൻഷൻ, വായ്പാതിരിച്ചടവ്, സാമൂഹിക സുരക്ഷാപെൻഷനുകൾ എന്നിവ മുടങ്ങുമെന്ന ഈ സർക്കാരിന്റെ ധവളപത്രത്തിലെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പാക്കുന്നതിനും റവന്യൂ ചെലവ് കുറയ്ക്കുന്നതിനും റവന്യൂ കമ്മി നിയന്ത്രണവിധേയമാക്കുന്നതിനും ധനധൂർത്ത് ഇല്ലാതാക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്:<br>(i) 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തു.<br>(ii) വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിനു പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | ഇതിലൂടെ ഈ രംഗത്ത് കഴിഞ്ഞ 20 മാസംകൊണ്ട് കൈവരിക്കുവാൻ സാധിച്ച മാറ്റങ്ങൾ വിശദീകരിക്കുമോ ? | |

| | | |
|---|---|---|
| | | (iii) ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.<br>(iv) 14 ജില്ല സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>(v) വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.<br>(vi) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു.<br>(vii) 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണതോതിൽ അനുവദിച്ചു.<br>(viii) നികുതി ചോർച്ച തടയുന്നതിനും റവന്യു പിരിവ് ഊർജ്ജിതമാക്കുന്നതിനും അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും ധൂർത്ത് ഒഴിവാക്കുന്നതിനും കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും വേണ്ട നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ ഫലമായി കാർഷിക-പരമ്പരാഗത മേഖലയിലടക്കം ഒരു ഉണർവ്വ് നൽകുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ദീർഘകാല അടിസ്ഥാനത്തിലുള്ള നടപടികളുടെ ഫലം വരുംവർഷങ്ങളിൽ മാത്രമേ ദൃശ്യമാകുകയുള്ളൂ. അപ്രതീക്ഷിതമായി ഏർപ്പെടുത്തിയ നോട്ട്നിരോധനവും അനവധാനതയോടെ നടപ്പിലാക്കിയ ജി.എസ്.ടി-യും താൽക്കാലികമായെങ്കിലും കുറച്ച് വിഷമതകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ